ബുക്ക് ട്രസ്റ്റിന്റെ പുസ്തകങ്ങൾ

★

നരേന്ദ്രനാഥ്

I

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ നാട്ടിലുള്ള മൂന്നുപ്രസിദ്ധീകരണശാലക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നാലു ഗ്രന്ഥങ്ങളാണ് താഴെ കാണിച്ചിട്ടുള്ളത്. തമിഴ്, തെലുങ്ക്, മലയാളം, കർണ്ണാടകം എന്നീ നാലു ഭാഷകളിൽ നല്ല പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ സഹായിക്കുന്നതിനായിട്ടാണ് ഫോർഡ് ഫൗണ്ടേഷൻ ഔദാര്യപൂർവം ദക്ഷിണഭാഷാഗ്രന്ഥമണ്ഡലം സംഘടിപ്പിക്കുവാൻ സഹകരിച്ചിട്ടുള്ളത്. ഫൗണ്ടേഷന്റെ പ്രതിനിധികളും ദക്ഷിണഭാരതത്തിലെ എട്ടു സർവകലാശാലകളുടെ പ്രതിനിധികളുംമററും ഇതിൽ അംഗങ്ങളാണ്. സാധാരണക്കാർക്ക് കൗതുകം ഉണ്ടാക്കുന്ന വിധത്തിൽ എഴുതിയിട്ടുള്ള ഉത്തമഗ്രന്ഥങ്ങൾ വില കുറഞ്ഞതെങ്കിലും ആകർഷകമായവിധംഅച്ചടിച്ച് പ്രസിദ്ധപ്പെടുത്തുവാൻ സഹായിക്കുകയാണ് ഈ ഗ്രന്ഥമണ്ഡലം ചെയ്യുന്നത്. ഇവയുടെ ആദ്യത്തെ പ്രസിദ്ധീകരണങ്ങളെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തിക്കൊണ്ട് ശ്രീ. പി. വി. രാജമന്നാർ ആമുഖത്തിൽ ഒരു ഭാഗത്ത് ഇപ്രകാരം പറയുന്നു:— "കുറഞ്ഞ വിലയ്ക്കു മേത്തരം പുസ്തകങ്ങൾ" ഇതാണ് ചുരുക്കത്തിൽ ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ മുദ്രാവാക്യം. ആദ്യമായി പുറത്തുവരുന്ന ഈ പ്രസിദ്ധീകരണങ്ങൾ ഇപ്പറഞ്ഞ ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ എന്നു തീർച്ചപ്പെടുത്തേണ്ടതു് പൊതുജനങ്ങളാണ്. ഈ ഉദ്യമത്തിന്റെ ഫലവും പ്രയോജനവും അനുഭവപ്പെടണമെങ്കിൽ ഒരു പത്തുകൊല്ലം കഴിയണം. പക്ഷേ ദീർഘദൃഷ്ടിയുള്ള ഏതൊരാൾക്കും ഇതിന്റെ പ്രാധാന്യം കണ്ടറിയാൻ കഴിയും. ഇതിന്റെ സാദ്ധ്യതകൾ അപാരമാണ്. വിപുലമായ തോതിൽ ഒരു വിതരണപദ്ധതിയുടെ സഹായമുണ്ടെങ്കിൽ കുറഞ്ഞവിലയ്ക്കുള്ള ഈ പുസ്തകങ്ങൾക്ക് ദക്ഷിണേന്ത്യയുടെ ഓണംകേറാമൂലയിൽക്കൂടി എത്താൻ കഴിയും. നാട്ടിന്റെ നട്ടെല്ലായ നാട്ടുകാരുടെ ദൈനംദിനജീവിതത്തിൽ കാന്തിയും കുളിർമ്മയും വീശുവാൻ അവയ്ക്കു സാധിക്കുകയും ചെയ്യും" മലയാളത്തിലെ ഇതര പ്രസിദ്ധീകരണങ്ങളുമായി താരതമ്യപ്പെടുത്തിയാൽ താഴെ പറഞ്ഞിട്ടുള്ള പുസ്തകങ്ങളുടെ വില അത്ര കുറവല്ല. ഇതേ കടലാസ്സിൽ ഇതേ സംവിധാനത്തിൽ പുറത്തുവന്നിട്ടുള്ള മലയാളപുസ്തകങ്ങൾക്ക് മിക്കവാറും ഇതേ വില തന്നെയാണ് കാണാറുള്ളത്. അപ്പോൾ വിലയില്ലുള്ള സൗജന്യത്തെപ്പററി അധികം പ്രസംഗിക്കാതിരിക്കുകയാണ് ഭംഗി.

'ഹിമവ്യാഘ്റം'—ടെൻസിങ്ങിന്റെ ആത്മകഥയാണ്. ആരും അറിയാൻ ആഗ്രഹിക്കുന്ന ഒരാളാണ് ടെൻസിങ്ങ്നോർക്കെ! ഒരു പ്രഭാതത്തിൽ, ലോകത്തിലെ ഏററവും ഉന്നതമായ പർവതശൃംഗം മനുഷ്യപാദങ്ങൾക്ക് അടിയിലായെന്ന് പ്രക്ഷേപണനിലയങ്ങൾ വിളിച്ചറിയിച്ചപ്പോൾ, അന്നുവരെ അധികം ആരും അറിഞ്ഞിട്ടില്ലാത്ത ഒരു കൊച്ചുമനുഷ്യൻ അനേകലക്ഷം ആളുകളുടെ ആരാധനാവിഗ്രഹമായ വീരപുരുഷനായി രൂപാന്തരപ്പെടുകയുണ്ടായി. അദ്ദേഹത്തെക്കുറിച്ച് ആളുകൾ തിരക്കി. അദ്ദേഹത്തിന്റെ കഥകൾ കേൾക്കുവാൻ അവർക്കുണ്ടായ ആഗ്രഹം അടക്ക

---

* 1. ഹിമവ്യാഘ്റം–പരിഭാഷകൻ എം. എം. മാണി–കാട്ടുക്കാരൻ ബുക്ക്സ്റ്റാൾ, ബ്രോഡ്‌വേ, എറണാകുളം. വില. 2 ക. 2. സിദ്ധാർത്ഥൻ–മൂലഗ്രന്ഥകാരൻ–ഹെർമൻ ഹെസ്–വിവർത്തകൻ പി. കുഞ്ഞികൃഷ്ണമേനോൻ. പ്രസാ: പരിഷത് ബുക്ക്സ്റ്റാൾ, എറണാകുളം. വില 1–50. 3. അട്ടക്കുളപുസ്തകം–വിവർത്തക ബി. സരസ്വതി–നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം. വില 1–25. 4. നീതി കഥകൾ–സി. രാജഗോപാലാചാരി. വിവ; പി. ശേഷാദ്രി. പ്രസാ. മംഗളോദയം, തൃശ്ശൂർ. വില 1. 50

വാൻ വയ്യാത്തതായി. അതിന്റെ ഫലമായിട്ടാണു് ഈ ആത്മകഥ രൂപം കൊണ്ടതു്. ഇന്നു് അനവധി ഭാഷകളിലേയ്ക്കു് ഇതു് തർജ്ജമ ചെയ്യപ്പെട്ടുകഴിഞ്ഞു. അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളിൽ ഏററവും ചിലവായിട്ടുള്ള ഒന്നാണത്രേ ധീരസാഹസികന്റെ ഈ ആത്മകഥ. ഇംഗ്ലീഷിൽ ഇതു് വായിച്ചിട്ടുള്ളവർ ഒരുകാലത്തും അതു മറന്നുപോകുവാൻ ഇടവരികയില്ല. ഏററവും താഴ്ന്ന നിലയിൽ ജനിച്ചു് സ്വന്തം പരിശ്രമങ്ങൾകൊണ്ടു് മനസ്സിൽ രൂഢമൂലമായിരുന്ന ആഗ്രഹം സാധിക്കുവാൻ ഇടയായതുമൂലം കീർത്തിയുടെ പരമോന്നതമായ സ്ഥാനം കരസ്ഥമാക്കുവാൻകഴിഞ്ഞ അദ്ദേഹത്തിന്റെ കഥ ഏതൊരാളിനേയും ഉന്നതാദർശത്തിൽ വിശ്വസിപ്പിച്ചു് മുമ്പോട്ടു പോകുവാൻ പ്രേരിപ്പിക്കുന്നതായിരിക്കും. നമുക്കു് അധികംപേർക്കും അജ്ഞാതമായ ഒരു ലോകത്തെ സംബന്ധിച്ചാണു് കൂടുതലായി അദ്ദേഹം വിവരിക്കുന്നതു്. എന്നിരുന്നാലും നാം ഒരിക്കലും അപരിചിതമായ ചുററുപാടിലാണെന്നു് അറിയാൻ ഇടവരാത്ത വിധത്തിൽ ആത്മാർത്ഥമായും വിശദമായും ടെൻസിങ്ങ് കഥ പറയുന്നു. ചുററുപാടുകളെക്കുറിച്ചു് വിവരണങ്ങൾ നൽകുന്നതു് സ്വന്തം വംശക്കാരെപ്പററിയും വിശുദ്ധമായ തിബത്തിനെക്കുറിച്ചും പവിത്രമായ പർവ്വതങ്ങളെപ്പററിയും നമുക്കു നൽകുന്ന സുന്ദരങ്ങളായ ചിത്രങ്ങൾ നമ്മുടെ ഹൃദയത്തിൽനിന്നു് മങ്ങിമറയുന്നതല്ല. മൂലഗ്രന്ഥത്തിൽ കാണുന്ന വൈശിഷ്ട്യങ്ങൾക്കു് ഇടിവുതട്ടാത്തവിധത്തിലാണു് ഇതിന്റെ തർജ്ജമ ശ്രീ. മാണി നിർവഹിച്ചിരിക്കുന്നതു്. ഇതു് വളരെ പ്രയാസമേറിയ ഒരു കാര്യംതന്നെ. ഇംഗ്ലീഷ്പുസ്തകം ആദ്യം വായിച്ചപ്പോൾ എനിക്കുണ്ടായ ആനന്ദം ഇതു വായിച്ചപ്പോഴും (വളരെ മാസങ്ങൾ കഴിഞ്ഞാണു് ഈ പരിഭാഷകിട്ടിയതു്) ലഭിച്ചു എന്നു് സന്തോഷത്തോടെ പറയാം. തർജ്ജമഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് അപൂർവമായ ഒരു സംഗതിതന്നെ.

II

ഹെർമൻഹെസ്സിന്റെ സിദ്ധാർത്ഥൻ എന്ന നോവലിന്റെ പരിഭാഷയാണു് അടുത്ത പുസ്തകം. ശ്രീ ബുദ്ധന്റെ കാലത്തെ പശ്ചാത്തലമാക്കിയാണു് ഈ കഥ എഴുതിയിരിക്കുന്നതു്. അക്കാലത്തു് വിജ്ഞാനത്തിനു് അത്യധികം വിശപ്പോട്ടുകൂടി പിറക്കുവാൻ ഇടയായ ഒരു ബ്രാഹ്മണയുവാവിന്റെ ജ്ഞാനസമ്പാദനവും ശാന്തിലാഭവുംആണു് ഇതിൽ ചിത്രീകരിച്ചിരിക്കുന്നതു്. വീട്ടിനകത്തും പുഴവക്കത്തു വഞ്ചികളുടെ സമീപം വെയിലത്തും കുററിക്കാട്ടിൽ പച്ചിലച്ചാർത്തിനിടയിലും മരത്തിന്റെ തണലിലുമായി സുന്ദരനായ സിദ്ധാർത്ഥൻ വളർന്നു. അവനെക്കുറിച്ചു് എല്ലാവർക്കും പ്രിയം തോന്നി. അവൻ ഏവരേയും സന്തോഷിപ്പിച്ചു. രഞ്ജിപ്പിച്ചു. എങ്കിലും അവന്റെ ഹൃദയത്തിൽ സന്തോഷം ഉണ്ടായില്ല എല്ലായിടത്തുനിന്നും സ്വപ്നങ്ങളും അസ്വസ്ഥചിന്തകളും അവന്റെ അടുക്കലേയ്ക്കു് ഒഴുകിച്ചെന്നുകൊണ്ടിരുന്നു. ഹോമധൂമത്തിൽ നിന്നു പൊങ്ങി ഋഗ്വേദത്തിലെ സൂക്തികളിൽ നിന്നു് വഴുതി വൃദ്ധബ്രാഹ്മണരുടെ ഉപദേശങ്ങളിൽ നിന്നു് വഴിതിരിഞ്ഞു് അവ അവനെ സമീപിച്ചു. അവനു് ഒരിക്കലും അവസാനദാഹത്തിനു ശാന്തി ലഭിച്ചില്ല. ഒടുവിൽ ഒരു ദിവസം അച്ഛനോടു് അനുമതി വാങ്ങി അവൻ വീടും നാടും ഉപേക്ഷിച്ചു യാത്രയായി. തന്നെ ഒരു നിഴൽപോലെ പിൻതുടർന്നുകൊണ്ടിരുന്ന ഗോവിന്ദനോടുകൂടി സിദ്ധാർത്ഥൻ സമാനന്മാരുടെ സംഘത്തിൽ ചേർന്നു. അവരിൽനിന്നു് അയാൾ പലതും പഠിച്ചു. എങ്കിലും സമാനരുടെ നീണ്ട മാർഗ്ഗവും അയാൾക്കു ശാന്തി നൽകിയില്ല. ശാക്യഗോത്രത്തിൽ ജനിച്ച ഗൗതമബുദ്ധനെക്കുറിച്ചുള്ള വിശുദ്ധകഥകൾ നാട്ടുനീളെ പരന്നിരുന്നു. വനത്തിൽ സമാനരുടെ അടുക്കലും അതു് എത്തിക്കഴിഞ്ഞു. സമാനരെ ഉപേക്ഷിച്ചു് ശാന്തിതേടി ശാക്യമുനിയുടെ സന്നിധിയിലെത്തുവാൻ അവർ പുറപ്പെട്ടു. അവർ അദ്ദേഹത്തെ കണ്ടെത്തി. സിദ്ധാർത്ഥൻ അദ്ദേഹത്തെ ഭിക്ഷുക്കളുടെ ഇടയിൽനിന്നു് ദൈവം കാട്ടിക്കൊടുത്തതുപോലെ തിരിച്ചറിഞ്ഞു. ഭിക്ഷാപാത്രവുമേന്തി ശാന്തനായി മഞ്ഞക്കാവിയുടുത്തു് ആർഭാടരഹിതനായി അദ്ദേഹം ഭിക്ഷ യാചിക്കാൻ പട്ടണത്തിലേക്കു പോകുകയാണു്. അദ്ദേഹത്തിന്റെ മുഖവും കാൽവെപ്പും കീഴ്പോട്ടുള്ള നോട്ടവും അലസമായിതൂങ്ങിക്കിടക്കുന്ന കയ്യും ആ കയ്യിലെ ഓരോ വിരലും സമാധാനവും സർവജ്ഞതയും വിളിച്ചു പറയുന്നതായി സിദ്ധാർത്ഥനു തോന്നി. ഒന്നിനെയും അനുകരിക്കുന്നില്ലെന്നു തോന്നി. ധാരമുറിയാതെ അചഞ്ചലമായി മങ്ങാതെ നിൽക്കുന്ന നിർബ്ബാധമായ ശാന്തി അദ്ദേഹം പ്രസരിപ്പിക്കുന്നുണ്ടെന്നു തോന്നി. സിദ്ധാർത്ഥനു ബുദ്ധദേവനുമായി സംശയങ്ങൾ സംസാരിക്കുവാൻ സന്ദർഭം കിട്ടി. അയാളുടെ സ്മരണയിൽ ബുദ്ധന്റെ രൂപംമുദ്രിതമായി. അദ്ദേഹത്തെപ്പോലെനോക്കുകയും മന്ദഹസിക്കുകയും ഇരിക്കുകയും നടക്കുകയും ചെയ്യുന്ന ഒരാളെ അയാൾ കണ്ടിട്ടില്ല. അതുപോലെ

സ്വച്ഛന്ദമായി ആദരണീയമായി ഒതുക്കത്തോടെ പെരുമാറുവാൻ സിദ്ധാർത്ഥന് ആഗ്രഹം തോന്നി. അയാൾക്ക് വണങ്ങാൻ ഒരാളിനെ കിട്ടി. എങ്കിലും ആ ബ്രാഹ്മണയുവാവിനെ തൃപ്തിനാക്കിയില്ല. ഗോവിന്ദൻ ബുദ്ധഭിക്ഷുവായിത്തീർന്നു. ചങ്ങാതിയെ അവിടെ വിട്ടിട്ട് സിദ്ധാർത്ഥൻ പുറത്തു വന്നു. അവൻ കണ്ട അവസാനത്തെ ഗുരുവിനേയും മഹാനും ബുദ്ധിമാനും വിശിഷ്ടനുമായ ബുദ്ധനെയും—അവൻ ഉപേക്ഷിച്ച് ഇറങ്ങിയിരിക്കയാണ്. അങ്ങിനെ നടന്നുപോകുമ്പോൾ അഗാധമായ ചിന്തകളിലേക്ക് അയാളുടെ മനസ്സ് തുളച്ചുകയറിക്കൊണ്ടിരുന്നു. യുവാവെന്ന നിലവിട്ടതായി അവനു തോന്നി. പാമ്പിന്റെ ഉറ ഊരിപ്പോകുന്നതുപോലെ എന്തോ വേർപെട്ടതായി അവനു വ്യക്തമായി. ചെറുപ്പം മുതൽ പിരിയാതെ തന്നോടൊത്തുണ്ടായിരുന്ന ഒരംശം. ഗുരുക്കന്മാരുണ്ടാവാനും അവരുടെ ഉപദേശം കേൾക്കുവാനുമുള്ള ആഗ്രഹം. "ഞാൻ എന്നിൽനിന്നുതന്നെ പഠിക്കും. എന്റെ ശിഷ്യനാകും, സിദ്ധാർത്ഥനെക്കുറിച്ചുള്ള രഹസ്യം എന്നിൽനിന്നുതന്നെ കണ്ടെത്തും"—അയാൾ ഉറച്ചു. അന്ന് ആദ്യമായി ലോകം കാണുകയാണെന്നു തോന്നി. എത്ര സുന്ദരവും അസാധാരണവും അഗാധവുമാണിത്! ലോകമാകുന്ന ഗ്രന്ഥത്തേയും സ്വന്തം പ്രകൃതിയാകുന്ന പുസ്തകത്തേയും വായിക്കുവാൻ ഇച്ഛിച്ച അയാൾ അക്ഷരങ്ങളേയും ചിഹ്നങ്ങളേയും ആദ്യമേ പുറന്തള്ളുകയായിരുന്നല്ലോ ചെയ്തത്! ഇപ്പോൾ ആ നില വിട്ടിരിക്കുന്നു. അയാൾ ഉണർന്നിരിക്കുകയാണ്.

സിദ്ധാർത്ഥൻ ലൗകികജീവിതത്തിൽ ഇറങ്ങിക്കഴിഞ്ഞു. കമലയെന്ന നഗരവധുവാണ് അയാളെ അതിലേക്ക് നയിച്ചത്. സാധാരണ ജനങ്ങളെപ്പോലെ അയാളും പെരുമാറി. ഇഹലോകജീവിതത്തിലെ എല്ലാ സുഖങ്ങളിലും മുഴുകി അയാൾ ജീവിച്ചെങ്കിലും ആത്മസംതൃപ്തി അയാൾക്ക് കൈവന്നില്ല. ഒരു രാത്രി അയാൾ നഗരം ഉപേക്ഷിച്ചുപോയി. പിന്നെ അങ്ങോട്ടുമടങ്ങിയില്ല. അദ്ദേഹം പ്രകൃതിയിലേക്കുമടങ്ങി. എല്ലാം മറക്കാനുള്ള ആവേശം. എങ്ങിനെയെങ്കിലും മരിച്ചെങ്കിൽ! ശരീരം ഉപേക്ഷിച്ച് സമാധാനം കണ്ടെത്തിയെങ്കിൽ!......

ആ ആവേശമാണ് അയാളെ കടത്തുകാരന്റെ സമീപത്തിലെത്തിച്ചത്. അവർ ഉറ്റമിത്രങ്ങളായിത്തീർന്നു. വാസുദേവൻ വസ്തുക്കളുടെ ഏകത്വത്തിലേക്ക് പോകുവാൻ ഉള്ള വഴി കണ്ടെത്തി. ജ്ഞാനത്തിന്റെ പ്രശാന്തത അദ്ദേഹത്തിന്റെ മുഖത്തുനിന്നു പ്രസരിച്ചു. ഓരോ പദവിന്യാസത്തിലും സമാധാനസാന്ദ്രതയും മുഖത്ത് പ്രകാശവും പ്രത്യക്ഷമാക്കിക്കൊണ്ട് തന്നിൽനിന്ന് അകന്നുപോയ ചങ്ങാതിയെ നോക്കി സിദ്ധാർത്ഥൻ സന്തോഷത്തോടും ഗൗരവത്തോടും നിന്നു. അയാളുടെ ജീവിതം ഒരു വഴികാട്ടിയായി സിദ്ധാർത്ഥന്. ഒടുവിൽ അയാളും ശാന്തി കണ്ടെത്തി. വാസുദേവന്റെ സഹായത്തോടുകൂടി അയാൾ (സിദ്ധാർത്ഥൻ) തന്നിലേക്കുതന്നെ തിരിച്ചുപോയി.

അത്യന്തം സുന്ദരമായ ഒരു കവിതപോലെ വായിച്ചുപോകുവാൻ സാധിക്കുന്ന രീതിയിലാണ് ഈ കഥ എഴുതിയിരിക്കുന്നത്. പ്രാചീനകാലത്തെ പശ്ചാത്തലമാക്കി ഇപ്രകാരം രചിച്ചിട്ടുള്ള ഒരു കലാസൃഷ്ടി കാണുവാൻ മുമ്പു കഴിഞ്ഞിട്ടില്ല. നമ്മെ നൂതനമായ, അത്യന്തം സുന്ദരമായ, ആനന്ദപ്രദമായ ഉന്നതിയിലേക്ക് ഇതു് ഉയർത്തുന്നുണ്ട്. ഇതിലെ നഗരവധുവായ കമലയുടെ ജീവിതത്തിന് അംബപാലിയുടെതുമായി ചില സാമ്യങ്ങൾ കണ്ടെത്താൻ കഴിയും. ആപാദമധുരമായ ഈ നോവൽ ഒരു തർജ്ജമയെന്നു തോന്നാത്ത വിധത്തിൽ അവതരിപ്പിക്കുന്നതിന് ശ്രീ. മേനോനു സാധിച്ചിരിക്കുന്നു. 107–ാം പേജിൽ ആറാമത്തെ വരിയിൽ 'സർ' എന്ന സംബോധന അടുത്ത പതിപ്പിൽ ഒഴിവാക്കിയാൽ നന്നായിരിക്കും. മററെങ്ങും തർജ്ജമയെപ്പററി എന്തെങ്കിലും എതിരായി പറയാനില്ല. ശ്രീ. മേനോനു് ആത്മാർത്ഥമായ അനുമോദനം!

III

അടുക്കളപ്പുസ്തകം വെറും ഒരു പാചകപ്പുസ്തകമല്ല. അടുക്കളയുടെ അനവധികാര്യങ്ങൾകൂടി ഇതിൽ അടങ്ങിയിരിക്കുന്നു. ആഹാരകാര്യത്തെപ്പററി സാമാന്യം നല്ല വിശദീകരണവും നൽകിയിട്ടുണ്ട്. ഇവ സംബന്ധിച്ചുള്ള വിവരങ്ങൾ സാമാന്യ ജനങ്ങൾക്ക് ഉപകാരം ചെയ്യും, എന്നാൽ ഇതിൽ പറഞ്ഞിട്ടുള്ള പാചകരീതികൾ നമ്മുടെ രീതികളുമായി വളരെ വ്യത്യാസം കാണുന്നവയാണ്.

IV

പ്രസിദ്ധനായ രാജാജി ഒരു സാഹിത്യകാരനാണെന്ന് അറിയാത്തവർപോലും അദ്ദേഹ

ത്തിന്റെ കഥാകഥനചാതുര്യത്തെപ്പററി കേട്ടിരിക്കും. കൊച്ചുകൊച്ചുകഥകൾകൊണ്ടു പ്രസംഗങ്ങളെ മോടിപിടിപ്പിക്കാൻ അദ്ദേഹത്തിന്ന് അസാമാന്യമായ കഴിവുണ്ട്. ഈ കഥാനിർമ്മാണ കൗശലത്തെ അൽപ്പംകൂടി വിപുലമായി പരീക്ഷിച്ചു നോക്കിയതിന്റെ ഫലമാണ് ഈ നീതി കഥകൾ ''കൽപ്പനയും ഉപദേശവും അൽപ്പം നേരമ്പോക്കും ചേർന്നുള്ള ഒരാരണ്യം'' എന്നാണ് രാജാജി തന്റെ കഥകളെപററി പറയുന്നത്. 61 കഥകളുണ്ട് ഈ പുത്തൻ പഞ്ചതന്ത്രത്തിൽ എല്ലാം ഒരുപോലെ രസമുള്ളതാണെന്നു പറഞ്ഞുകൂടാ. മിക്കതിലും എന്തെങ്കിലും ഒരു പൊടിക്കൈ കാണും.

ഒരു കണക്കിന്ന്, ആദ്യത്തെ മൂന്നു പുസ്തകങ്ങളെ അപേക്ഷിച്ച് ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ അൽപ്പം ഔചിത്യക്കൂടുതലുണ്ട്—തെക്കെ ഇന്ത്യൻ സാഹിത്യങ്ങളിലൊന്നായ തമിഴിൽനിന്നുള്ള തർജ്ജമയായതുകൊണ്ട്. ദക്ഷിണേന്ത്യൻ ഭാഷകളുടെ ബുക്ക്ട്രസ്റ്റ് ഇത്തരം തർജ്ജമകളിൽ കൂടുതൽ ശ്രദ്ധിക്കുന്നതു കൊള്ളാം.
